## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5692** **02-07-2019-ൽ മറുപടിക്ക്**

## നെല്ലിയാമ്പതി ഫോറസ്റ്റ് ഫ്ളയിംഗ് സ്ക്വാഡ് റെയ്ഞ്ചർ

| ചോദ്യം<br>ശ്രീ.പി.ടി.തോമസ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
|---|---|
| (എ) നെല്ലിയാമ്പതി ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റെയ്ഞ്ചർ ആയി ജോലി നോക്കുന്ന ടി. സനൽകുമാർ എന്ന ഉദ്യോഗസ്ഥൻ പ്രസ്തുത തസ്തികയിൽ നിയമിതനായത്എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) നെല്ലിയാമ്പതി ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റെയ്ഞ്ചർ ആയി ടി. സനൽകുമാർ എന്ന പേരിൽ ഒരു ഉദ്യോഗസ്ഥൻ ജോലി നോക്കുന്നില്ല. നിലവിൽ അവിടെ ജോലി നോക്കുന്ന ഉദ്യോഗസ്ഥന്റെ പേര് ടി. സനിൽകുമാർ എന്നാണ്. 24.07.2013 ലാണ് ശ്രീ. ടി. സനിൽകുമാർ റെയ്ഞ്ചർ തസ്തികയിൽ നിയമിതനായത്. |
| (ബി) ഇദ്ദേഹം എന്നാണ് വനം വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും ഏത് തസ്തികയിലാണെന്നും ഇതുവരെ ഏതെല്ലാം ഓഫീസുകളിൽ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം കാലയളവിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) സർവ്വീസ് ബുക്കിലെ രേഖകൾ പ്രകാരം 20.10.1998 ൽ ഇടവണ്ണ ഫോറസ്റ്റ് സ്റ്റേഷനിൽ ഫോറസ്റ്റർ തസ്തികയിലാണ് ടിയാൻ ജോലിയിൽ പ്രവേശിച്ചത്. ശ്രീ. ടി. സനിൽ കുമാർ ഇതുവരെ സേവനമനുഷ്ഠിച്ച തസ്തികകളുടേയും, ഓഫീസുകളുടേയും വിശദാംശം ചുവടെചേർക്കുന്നു. |

| തസ്തിക | ഡിവിഷൻ |
|---|---|
| ഫോറസ്റ്റർ | നിലമ്പൂർ നോർത്ത് ഡിവിഷൻ (20/10/1998 മുതൽ 03/04/2000 വരെ ഇടവണ്ണ റേഞ്ച്) |
| ഫോറസ്റ്റർ | കേരള ഫോറസ്റ്റ് സ്കൂൾ, വാളയാറിൽ ഫോറസ്റ്റർ ട്രെയ്നി( 10/04/2000 മുതൽ 05/04/2001 വരെ) |
| ഫോറസ്റ്റർ | നിലമ്പൂർ നോർത്ത് ഡിവിഷൻ (07/04/2001 മുതൽ 16/09/2004 |

| | |
|---|---|
| | വരെ വഴിക്കടവ് റേഞ്ച്) |
| ഫോറസ്റ്റർ | നിലമ്പൂർ സൗത്ത് ഡിവിഷൻ (27/09/2004 മുതൽ 03/11/2007 വരെ, കരുളായി റേഞ്ച്) |
| ഡെപ്യൂട്ടി റെയ്ഞ്ചർ | മണ്ണാർക്കാട് ഡിവിഷൻ (14/11/2007 മുതൽ 29/06/2012 വരെ അഗളി റെയ്ഞ്ച്) |
| ഡെപ്യൂട്ടി റെയ്ഞ്ചർ | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ഇരവികുളം നാഷണൽ പാർക്ക് (06/07/2012 മുതൽ 30/07/2013 വരെ ഇരവികുളം റേഞ്ച്) |
| റെയ്ഞ്ച് ഓഫീസർ | ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ കോതമംഗലം(07/08/2013 മുതൽ 21/04/2014 വരെ മൂന്നാർ റേഞ്ച്) |
| റെയ്ഞ്ച് ഓഫീസർ | സസ്പെൻഷൻ(22/04/2014 മുതൽ 04/09/2015 വരെ) |
| റെയ്ഞ്ച് ഓഫീസർ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വന്യജീവി വിഭാഗം (07/09/2015 മുതൽ 14/09/2015 വരെ) |
| റെയ്ഞ്ച് ഓഫീസർ | സെൻട്രൽ നഴ്സറി, നിലമ്പൂർ നോർത്ത് (16/09/2015 മുതൽ 24/11/2016 വരെ) |
| റെയ്ഞ്ച് ഓഫീസർ | നിലമ്പൂർ റെയ്ഞ്ച് (25/11/2016 മുതൽ 05/08/2017 വരെ) |
| റെയ്ഞ്ച് ഓഫീസർ | മാനന്തവാടി റെയ്ഞ്ച് (11/08/2017 മുതൽ 06/04/2018 വരെ) |
| റെയ്ഞ്ച് ഓഫീസർ | സോഷ്യൽ ഫോറസ്ട്രി, മൂന്നാർ, ഇടുക്കി (16/04/2018 മുതൽ 13/02/2019 വരെ) |
| ആർജ്ജിതാവധി -20 ദിവസം - 14/02/19 മുതൽ 05/03/19 വരെ | |
| റെയ്ഞ്ച് ഫോറസ്റ്റ് | സോഷ്യൽ ഫോറസ്ട്രി, മൂന്നാർ, ഇടുക്കി |

| | |
|---|---|
| ഓഫീസർ | (05/03/2019 മുതൽ 08/03/2019 വരെ) |
| റെയ്ഞ്ച് ഓഫീസർ | നെല്ലിയാമ്പതി ഫ്ലയിംഗ് സ്ക്വാഡ്, പാലക്കാട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ (11/03/2019 മുതൽ തുടരുന്നു) |

(സി) ഇദ്ദേഹത്തിനെതിരെ വകുപ്പുതലത്തിലോ അല്ലാതെയോ ഏതെങ്കിലും കേസ്സുകളോ പരാതികളോ ഓരോ ഓഫീസിലും ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ അതിന്മേൽ എന്തെങ്കിലും ശിക്ഷാനടപടിക്ക് വിധേയനായിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) ഇടുക്കി ജില്ലയിലെ കുറിഞ്ഞിമല വന്യജീവി സാങ്കേതത്തിൽ ഉൾപ്പെട്ട കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽപ്പെടുന്ന സ്ഥലത്തെ യൂക്കാലിപ്റ്റ്സ് മരങ്ങൾ മുറിച്ച് മാറ്റാൻ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്ന് സർക്കാർ നഷ്ടം ഉണ്ടാക്കുവാനിടയായെന്ന കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ മൂന്നാർ ഫ്ലയിംഗ് സ്ക്വാഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. ടി. സനിൽകുമാറിനെ അച്ചടക്ക നടപടിയ്ക്ക് വിധേയനായി 22/04/2014-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് 04/09/2015-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. ടിയാന് സർക്കാർ 02/02/2016-ൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചുവെങ്കിലും ടി വിഷയത്തിൽ നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടിയാൻ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി ചാർജ് എടുക്കുന്നതിനു മുമ്പാണ് ടി മരംമുറി നടന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി. സനിൽകുമാറിനെ പൂർണ്ണമായി കുറ്റവിമുക്തനാക്കിയിട്ടുള്ളതാണ്. ശ്രീ. ടി. സനിൽ

| | | | |
|---|---|---|---|
| | | | കുമാർ, ഫോറസ്റ്റർ തസ്തികയിൽ ജോലിനോക്കിവരവെ 03/07/2001-ന് 7030 നമ്പർ ഹൈദ്രാബാദ് - എറണാകുളം എക്സ്പ്രസ് ട്രെയിനിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്തത് റെയിൽവേ അധികൃതർ കണ്ടെത്തുകയും, പാലക്കാട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ ടിയാന് കുറ്റപത്രം നൽകുകയും ടിയാന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുവച്ചുകൊണ്ട് 2005 വർഷത്തിൽ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇദ്ദേഹത്തിനെതിരെ ഇപ്പോൾ വകുപ്പ് തലത്തിലോ അല്ലാതെയോ ഏതെങ്കിലും കേസ്സോ/പരാതിയോ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ ശ്രീ.ടി സനിൽകുമാറിനെതിരേ കേസ്/ പരാതികൾ ഇല്ല. |

സെക്ഷൻ ഓഫീസർ